## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4008 21.10.2016 -ൽ മറുപടിക്ക്

### കേരള വഖഫ് ബോർഡിൽ ഷിയാ വിഭാഗത്തിന്റെ പ്രതിനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.എ.റഹിം | | ഡോ.കെ.റ്റി.ജലീൽ<br>( തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് &ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | കേരള വഖഫ് ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്; അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; നിലവിലുള്ള അംഗങ്ങൾ ഏതെല്ലാം വിഭാഗങ്ങളെ പ്രതിനിധീകരിച്ചാണ് തെരഞ്ഞെടുക്കപ്പെട്ടത്; വിശദമാക്കുമോ; | (എ) | കേരള വഖഫ് ബോർഡിലെ അംഗങ്ങൾ, അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നിലവിലുള്ള അംഗങ്ങൾ ഏതെല്ലാം വിഭാഗങ്ങളെയാണ് പ്രതിനിധീകരിക്കുന്നത് എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കേന്ദ്ര നിയമമനുസരിച്ച് കേരള വഖഫ് ബോർഡിൽ ഷിയാ വിഭാഗത്തിന്റെ പ്രതിനിധി വേണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ ഇപ്പോൾ ആരാണ് പ്രസ്തുത വിഭാഗത്തെ പ്രതിനിധീകരിക്കുന്നത്; | (ബി) | ഉണ്ട്. നിലവിലുള്ള ബോർഡിൽ ഷിയ പ്രതിനിധിയില്ല. |
| (സി) | ഷിയാ വിഭാഗത്തിന് നിലവിൽ പ്രതിനിധി ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നിയമവകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ബോർഡംഗങ്ങളുടെ പേര് | മാനദണ്ഡം | പ്രതിനിധീകരിക്കുന്ന വിഭാഗം |
|---|---|---|---|
| 1 | ശ്രീ.എം.ഐ.ഷാനവാസ് MP | ഇലക്ടറൽ കോളജിൽ നിന്നും തെരഞ്ഞെടുത്ത മുസ്ലീം പാർലിമെന്റ് അംഗം | പാർലിമെന്റിൽ നിന്നുള്ള മുസ്ലീം അംഗം |
| 2 | അഡ്വ.ഷറഫുദ്ദീൻ എം | ഇലക്ടറൽ കോളജിൽ നിന്നും തെരഞ്ഞെടുത്ത സ്റ്റേറ്റ് ബാർ കൗൺസിലിൽ നിന്നുള്ള മുസ്ലീം അംഗം | ബാർ കൗൺസിലിൽ നിന്നുള്ള ഒരു മുസ്ലീം അംഗം |
| 3 | ശ്രീ.എം.സി.മായിൻഹാജി | ഇലക്ടറൽ കോളജിൽ നിന്നും തെരഞ്ഞെടുത്ത വാർഷിക വരുമാനം ഒരു ലക്ഷമോ അതിലധികമോ ഉള്ള വഖഫുകളുടെ മുതവല്ലിമാരിൽ നിന്നുള്ള അംഗം | വഖഫുകളുടെ മുതവല്ലിമാരിൽ നിന്നുള്ള അംഗം |
| 4 | അഡ്വ.പി.വി.സൈനുദ്ദീൻ | ഇലക്ടറൽ കോളജിൽ നിന്നും തെരഞ്ഞെടുത്ത വാർഷിക വരുമാനം ഒരു ലക്ഷമോ അതിലധികമോ ഉള്ള വഖഫുകളുടെ മുതവല്ലിമാരിൽ നിന്നുള്ള അംഗം | വഖഫുകളുടെ മുതവല്ലിമാരിൽ നിന്നുള്ള അംഗം |
| 5 | ശ്രീമതി.ഫാത്തിമ റോസ്ന | വഖഫ് ആക്ട് 1995 സെക്ഷൻ 14(1)(c) പ്രകാരം സർക്കാർ നോമിനേറ്റ് ചെയ്ത അംഗം | നഗരാസൂത്രണം, സാമൂഹിക പ്രവർത്തനം, ധനകാര്യം, കൃഷി, വികസന പ്രവർത്തനങ്ങൾ എന്നിവയിൽ പരിജ്ഞാനം ഉള്ള മുസ്ലീം അംഗം |
| 6 | ശ്രീ.സയ്യിദ് റഷീദലി പി.എം | വഖഫ് ആക്ട് 1995 സെക്ഷൻ 14(1)(d) പ്രകാരം സർക്കാർ നോമിനേറ്റ് ചെയ്ത അംഗം | വഖഫ് ആക്ട് വകുപ്പ് 14(1)(d) പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്. ഷിയാ, സുന്നി വിഭാഗത്തിൽ നിന്നുള്ള പണ്ഡിതന്മാർ |
| 7 | ശ്രീ.ടി.പി.അബ്ദുള്ള കോയ മദനി | വഖഫ് ആക്ട് 1995 സെക്ഷൻ 14(1)(d) പ്രകാരം സർക്കാർ നോമിനേറ്റ് ചെയ്ത അംഗം | വഖഫ് ആക്ട് വകുപ്പ് 14(1)(d) പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്. ഷിയാ, സുന്നി വിഭാഗത്തിൽ നിന്നുള്ള പണ്ഡിതന്മാർ |
| 8 | ശ്രീമതി.എ.സാജിത | വഖഫ് ആക്ട് 1995 സെക്ഷൻ 14(1)(e), 1(A) വകുപ്പുകൾ പ്രകാരം സർക്കാർ നോമിനേറ്റ് ചെയ്ത അംഗം | വഖഫ് ആക്ട് 1995 സെക്ഷൻ 14(1)(e), 1(A) പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി |